**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ. സുനിൽ കുമാർ.സി.വി, ജൂനിയർ കൺസൽട്ടന്റ് (ഇ.എൻ.ടി) - തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: കുറിപ്പ് നം. ഇ.എ4-38780/2015/ആ.വ.ഡ തീയതി 21.03.2018

**ഉത്തരവ് നം. ഇ.എ1- 40311/2016/ആ.വ.ഡ തീയതി 06.04.2018**

ആരോഗ്യ വകുപ്പിൽ ജൂനിയർ കൺസൽട്ടന്റ് (ഇ.എൻ.ടി) തസ്തികയിൽ ജോലി നോക്കി വരവെ അനധികൃതമായി അവധിയിൽ പ്രവേശിച്ച ഡോ. സുനിൽ കുമാർ.സി.വി -യെ, അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതിനു വിധേയമായി ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകി പരാമർശ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. സുനിൽ കുമാർ.സി.വി -യെ **കണ്ണൂർ പേരാവൂർ താലൂക്ക് ആശുപത്രിയിൽ** ഒഴിവുള്ള ജൂനിയർ കൺസൽട്ടന്റ് (ഇ.എൻ.ടി) തസ്തികയിലേക്ക്, അച്ചടക്ക നടപടിയുടെ തീർപ്പിനു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുന:പ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. സുനിൽ കുമാർ.സി.വി ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി എത്രയും പെട്ടെന്ന് അയച്ചു തരേണ്ടതുമാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. സുനിൽ കുമാർ.സി.വി, ടി സി33/375, ചെമ്പിൽ ഹൗസ്, വെസ്റ്റ് ഹിൽ, കുരിയച്ചിറ.പി.ഒ, തൃശ്ശൂർ- 680006

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കണ്ണൂർ
3. ബന്ധപ്പെട്ട സൂപ്രണ്ടുമാർ
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**